ആഭരണ നിർമാണ തൊഴിലാളികളുടെ സെക്രട്ടറിയറ്റ് മാർച്ച് നാളെ

തിരുവനന്തപുരം

വിവിധ ആവശ്യങ്ങളുന്നയിച്ച് കേരള സംസ്ഥാന ആഭരണ നിർമാണ തൊഴിലാളി ഫെഡറേഷൻ (സിഐടിയു) നേതൃത്വത്തിൽ ബുധനാഴ്ച രാവിലെ പത്തിന് സെക്രട്ടറിയറ്റിലേക്ക് മാർച്ച് നടത്തും. എസ്എംഇ സ്കൂളിന് സമീപത്തുനിന്ന് പ്രകടനം ആരംഭിക്കും.

സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് ടി പി രാമകൃഷ്ണൻ എംഎൽഎ ഉദ്ഘാടനംചെയ്യും. മുഴുവൻ തൊഴിലാളികളും പങ്കെടുക്കണമെന്ന് ഫെഡറേഷൻ ജനറൽ സെക്രട്ടറി വി പി സോമസുന്ദരൻ അഭ്യർഥിച്ചു.

ആഭരണ നിർമാണ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുക, ജ്വല്ലറി ഉടമകൾ ക്ഷേമനിധിയിലേക്ക് അടക്കേണ്ടുന്ന 0.1 ശതമാനം സെസ് നിർബന്ധപൂർവം പിരിച്ചെടുത്ത് ക്ഷേമനിധി സംരക്ഷിക്കുക, ആഭരണ മേഖലയിൽ തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പാക്കുക തുടങ്ങിയ മുദ്രാവാക്യങ്ങളുന്നയിച്ചാണ് മാർച്ച്.

മദ്യലഹരിയിൽ പരാക്രമം: എസ്ഐക്ക് സസ്പെൻഷൻ

തലശ്ശേരി

മദ്യലഹരിയിൽ തൊട്ടിൽപ്പാലം സ്റ്റേഷൻ പരിധിയിൽ പരാക്രമം കാട്ടിയ ന്യൂമാഹി ഗ്രേഡ് എസ്ഐ ടി പി അനിൽകുമാറിനെ അന്വേഷണവിധേയമായി ഡിഐജി പൂട്ടി വിമലാദിത്യ സസ്പെൻഡുചെയ്തു. പൊലീസ് സേനക്ക് അപമാനകരമായനിലയിൽ പ്രവർത്തിച്ചതിനാണ് നടപടി.

വയനാട്ടിൽനിന്ന് പള്ളുരിലേക്ക് കുടുംബസമേതമുള്ള യാത്രയിൽ പക്രന്തളം പത്താംവളവിലെ മൗണ്ടൻ ലേക്ക് ഹോട്ടലിൽനിന്ന് ഭക്ഷണംകഴിച്ച ശേഷം, ഫുഡ്ഇൻസ്പെക്ടറാണെന്ന് പറഞ്ഞ് ബിൽ അടയ്ക്കാതെ മുങ്ങിയെന്നാണ് പരാതി.

തൊട്ടിൽപ്പാലത്ത് ജനങ്ങൾ പിടിച്ച് പൊലീസിൽ ഏൽപ്പിച്ചു. കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ വൈദ്യപരിശോധന നടത്തി. ഹോട്ടലുടമയും നാട്ടുകാരും നൽകിയ പരാതിയിൽ തൊട്ടിൽപ്പാലം പൊലീസ് കേസ് രജിസ്റ്റർ ചെയ്തു.

കക്കുകളി നാടകാവതരണം തത്ക്കാലം നിർത്തി

അമ്പലപ്പുഴ

വിവാദമായ കക്കുകളി നാടകാവതരണം തൽക്കാലം നിർത്തുന്നതായി പുന്നപ്ര പറവൂർ പബ്ലിക്ക് ലൈബ്രറി പ്രസിഡന്റ് ഡോ.എസ് അജയകുമാറും സെക്രട്ടറി കെ വി രാഗേഷും വാർത്താക്കുറിപ്പിൽ അറിയിച്ചു. ലൈബ്രറിയുടെ ഭാഗമായ നെസ്റ്റൽ നാടകസംഘം അവതരിപ്പിക്കുന്ന നാടകം നിർഭാഗ്യവശാൽ വിവാദത്തിലായി.

ലൈബ്രറിയുടെ 75–ാം വാർഷികത്തിന്റെ ഭാഗമായി കേരള സംഗീത നാടക അക്കാദമിയുടെ സഹായത്തോടെയാണ് നാടകംചിട്ടപ്പെടുത്തിയത്. കലോത്സവ വേദികളിലും നാടകം ശ്രദ്ധനേടി. പ്രശസ്ത കഥാകൃത്ത് ഫ്രാൻസിസ് നൊറോണയുടെ കെ സി ബി സി പുരസ്കാരംനേടിയ തൊട്ടപ്പൻ'എന്ന കഥാസമാഹാരത്തിലെ ഒരു കഥയാണ് കക്കുകളി. ഇതിന്റെ നാടകാവിഷ്കാരമാണിത്.

ഏതെങ്കിലും ജനസമൂഹത്തെ വേദനിപ്പിക്കാനോ, നിന്ദിക്കാനോ ബോധപൂർവമായി ശ്രമിച്ചിട്ടില്ല. എന്നാൽ ചില ആരോപണങ്ങളും പ്രതിഷേധങ്ങളും കോടതി നടപടികളുമൊക്കെ നേരിടേണ്ടിവന്നു.

വിവാദങ്ങളും കോടതി നടപടികളുമായി മുന്നോട്ടു പോകുന്നത് പൊതു ഇടമെന്ന നിലയിൽ ലൈബ്രറിക്ക് ഭൂഷണമല്ല. നാടകത്തെ രാഷ്ട്രീയമുതലെടുപ്പിനുള്ള ആയുധമായി ചിലർ ഏറ്റെടുക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ നാടകത്തെ സംബന്ധിച്ച് കോടതിയുടെയും പൊതുസമൂഹത്തിന്റെയും അഭിപ്രായ രൂപീകരണം ഉണ്ടാകേണ്ടതുണ്ട്. അതിനാലാണ് നാടകത്തിന്റെ അവതരണം തൽക്കാലം നിർത്തുന്നത്.

■ കെഎസ്ആർടിസി സർവീസിനെ ബാധിച്ചില്ല

ബിഎംഎസ് പണിമുടക്ക് തൊഴിലാളികൾ തള്ളി

സ്വന്തം ലേഖകൻ

തിരുവനന്തപുരം

ബിഎംഎസ് യൂണിയൻ ആഹ്വാനം ചെയ്ത 24 മണിക്കൂർ പണിമുടക്ക് കെഎസ്ആർടിസി സർവീസുകളെ ബാധിച്ചില്ല. കൂടുതൽ യാത്രക്കാർ ഉണ്ടാകാറുള്ള തിങ്കളാഴ്ച സംസ്ഥാനത്ത് 94.5 ശതമാനം സർവീസ് നടത്തി. അവധിക്കു ഴിഞ്ഞുള്ള പ്രവൃത്തിദിവസം ബസുകളിൽ വലിയ തിരക്ക് അനുഭവപ്പെടാറുണ്ട്. സൗത്ത് സോണിൽ 1732 സർവീസും (95%), സെൻട്രൽ സോണിൽ 1270ഉം (88%), നോർത്ത് സോണിൽ 1090ഉം (102%) സർവീസ് നടത്തി.

കെഎസ്ആർടിഇഎ, ടിഡിഎഫ്, ബിഎംഎസ് സംഘടനകൾ സംയുക്ത സമരസമിതി രൂപീകരിച്ച് മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ മാസവും അഞ്ചിനുമുമ്പ് മുഴുവൻ ശമ്പളം നൽകാൻ സർക്കാർ ഇടപെടുമെന്ന് ഉറപ്പുനൽകിയിരുന്നു. എന്നാൽ, വീണ്ടും ഗഡുക്കളായി ശമ്പളം നൽകിയതിനെതിരെ ശനിയാഴ്ച സമരസമിതി ട്രാൻസ്പോർട്ട് ഭവനുമുന്നിൽ ധർണ ആരംഭിച്ചു. ബിഎംഎസ് ഈ ധർണയിൽനിന്ന് പിൻമാറി പണിമുടക്ക് നടത്തുകയായിരുന്നു.

രാഷ്ട്രീയപ്രേരിതമായി പ്രഖ്യാപിച്ച പണിമുടക്കിനാൽ യാത്രക്കാർക്കും തൊഴിലാളികൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ടൊഴിവാക്കാൻ പരമാവധി സർവീസ് നടത്താൻ കെഎസ്ആർടിഇഎയും ടിഡിഎഫും ആഹ്വാനം ചെയ്തിരുന്നു.

ബിഎംഎസിന്റെ വെല്ലുവിളികളേയും ഭീഷണിയേയും തള്ളിക്കളഞ്ഞ് പണിമുടക്ക് പരാജയപ്പെടുത്തിയ തൊഴിലാളികളെ കെഎസ്ആർടിഇഎ സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദനും ജനറൽ സെക്രട്ടറി എസ് വിനോദും അഭിവാദ്യം ചെയ്തു.

കെഎംസിഎസ്യു സംസ്ഥാന സമ്മേളന സ്വാഗതസംഘം ഓഫീസ് സിപിഐ എം സംസ്ഥാന സെക്രട്ടറിയറ്റ് അംഗം ആനാവൂർ നാഗപ്പൻ ഉദ്ഘാടനം ചെയ്യുന്നു

■ ആവശ്യങ്ങൾ പരിഗണിക്കും

പ്രീപ്രൈമറി അധ്യാപകർ സമരം അവസാനിപ്പിച്ചു

തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയുമായി നടത്തിയ ചർച്ചയെ തുടർന്ന് പ്രീ പ്രൈമറി അധ്യാപകർ നടത്തിവന്ന സമരം അവസാനിപ്പിച്ചു. ശമ്പളവർധന വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്ന് മന്ത്രി അറിയിച്ചു. പ്രീപ്രൈമറി സിലബസ് ഏകീകരിക്കും. പ്രീപ്രൈമറി ടീച്ചർ ട്രെയിനിങ് കോഴ്സ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ എസ്ആർസി സെന്ററിലൂടെ എസ്സിഇആർടി സിലബസ് മുഖേന ആരംഭിക്കും.

പ്രീപ്രൈമറി ടീച്ചർമാരുടെയും ആയമാരുടെയും പ്രായം സംബന്ധിച്ച് ധനവകുപ്പിന്റെ പരിഗണനയിലുള്ള ഫയലിൽ തീരുമാനം വേഗത്തിലാക്കാൻ ഇടപെടും. അവധി വ്യവസ്ഥകൾ സംബന്ധിച്ച് പഠനം നടത്തും. അധ്യാപകർക്കും ആയമാർക്കും ലഭ്യമായ ഇൻസർവീസ് കോഴ്സ് പരിശീലനം യോഗ്യതയോട് ചേർക്കുന്ന കാര്യം പരിശോധിക്കും. പ്രീപ്രൈമറി നിയമനം സംബന്ധിച്ച് പൊതു മാനദണ്ഡം പ്രഖ്യാപിക്കും. പിഎസ്സി വഴി നിയമനം ലഭിച്ച ആയമാരുടെയും അധ്യാപകരുടെയും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ചും ഓണറേറിയം വാങ്ങുന്ന ആയമാരുടെയും അധ്യാപകരുടെയും വേതനം സംബന്ധിച്ചും പഠനം നടത്താനും തീരുമാനമായി.

അഡീഷണൽ ഡയറക്ടർ സി എ സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ ധന്യ, അഡീഷണൽ സെക്രട്ടറി ശ്രീജ, വിവിധ സംഘടനകളുടെ ഭാരവാഹികളായ എം ഹേമലത, ബി പ്രസന്ന, ഉമാദാസ്, വി ബിന്ദു, ബിന കുമാരിയമ്മ, വിമല മനോഹർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ഹൃദയപൂർവം..
5805 കുഞ്ഞുങ്ങൾ

സ്വന്തം ലേഖിക

തിരുവനന്തപുരം

സംസ്ഥാന ആരോഗ്യവകുപ്പിന്റെ ഹൃദ്യം പദ്ധതിയിലൂടെ ഇതുവരെ ഹൃദയശസ്ത്രക്രിയ നടത്തിയത് 5,805 കുട്ടികൾക്ക്. ഈ വർഷം മാത്രം 354 ശസ്ത്രക്രിയ നടത്തി. ഒരു വയസ്സിന് താഴെയുള്ള 109 കുഞ്ഞുങ്ങളും ഇതിൽപ്പെടും.

പദ്ധതിയിൽ ആകെ രജിസ്റ്റർ ചെയ്ത 17,256 കുട്ടികളിൽ 10,818 പേർ ഒരു വയസ്സിന് താഴെയുള്ളവരാണ്. ഈ വർഷം മാത്രം 1661 പേർ രജിസ്റ്റർചെയ്തിട്ടുണ്ട്. മേയിൽ രജിസ്റ്റർ ചെയ്ത 112 കുട്ടികളിൽ 60പേർക്കുള്ള ശസ്ത്രക്രിയ ഉടൻ നടക്കും. സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ കുട്ടികളിലും പദ്ധതിയുടെ ഭാഗമായി പരിശോധന നടത്തുന്നുണ്ട്. രോഗനിർണയത്തിന് ശേഷം, രോഗ തീവ്രതയനുസരിച്ച് അടിയന്തര ശസ്ത്രക്രിയ വേണ്ടവരുടെ പട്ടിക തയാറാക്കും.

പരിശോധിച്ച കുഞ്ഞുങ്ങൾ

പ്രായം	എണ്ണം
6 ആഴ്ച മുതൽ 3വയസ്സുവരെ	3,59,790
3 മുതൽ 6വരെ	2,24,211
6 മുതൽ 18വരെ	10,52,136

■ 2023ൽ ചെയ്തത് 354 ശസ്ത്രക്രിയ

നവജാത ശിശുക്കൾ മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്കായാണ് ഹൃദ്യം പദ്ധതി. ഗർഭസ്ഥ ശിശുവിന് ഹൃദ്രോഗം കണ്ടെത്തിയാൽ പ്രസവം മുതലുള്ള തുടർചികിത്സകൾ പദ്ധതിയിൽ സൗജന്യമാണ്. ഇങ്ങനെയുള്ള 237 കേസാണ് രജിസ്റ്റർചെയ്തിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെടുന്ന കുട്ടികളുടെ ചികിത്സയും ഹൃദയ ശസ്ത്രക്രിയയും പൂർണമായും സർക്കാർ ചെലവിലാണ് നടത്തുക.

സ്വാഗതസംഘം ഓഫീസ് തുറന്നു

തിരുവനന്തപുരം

കേരള മുനിസിപ്പൽ ആൻഡ് കോർപറേഷൻ സ്റ്റാഫ് യൂണിയൻ (കെഎംസിഎസ്യു) സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗതസംഘം ഓഫീസ് പ്രവർത്തനമാരംഭിച്ചു.

സിപിഐ എം സംസ്ഥാന സെക്രട്ടറിയറ്റ് അംഗം ആനാവൂർ നാഗപ്പൻ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന ട്രഷറർ എ ബി വിജയകുമാർ അധ്യക്ഷനായി.

ജനറൽ സെക്രട്ടറി പി സുരേഷ്, പാളയം രാജൻ, മേടയിൽ വിക്രമൻ, കെ രാജൻ, എസ് സജീവ്, ആർ സി രാജേഷ്കുമാർ, എം മനോജ്, ആർ വി ഷിബു, എം ഹരീഷ്കുമാർ എന്നിവർ സംസാരിച്ചു.

കാവ്യസാഹിതി പുരസ്കാരം വി ഷിനിലാലിന്

കൊച്ചി

സ്വതന്ത്ര കലാസാഹിത്യ സംഘടനയായ മലയാള കാവ്യസാഹിതിയുടെ 2023ലെ കാവ്യസാഹിതി പുരസ്കാരത്തിന് വി ഷിനിലാൽ അർഹനായി. 'ഗരിസപ്പാ അരുവി അഥവാ ഒരു ജലയാത്ര' എന്ന കഥാസമാഹാരത്തിനാണ് 20,001 രൂപയും ശിൽപ്പവും പ്രശസ്തിപത്രവും പുരസ്കാരമായി നൽകുന്നത്. 13ന് തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ കാവ്യസാഹിതി സംസ്ഥാന സമ്മേളനത്തിൽ പ്രൊഫ. എം തോമസ് മാത്യു പുരസ്കാരം സമ്മാനിക്കും.

എസ് ഡി ബിജുവിന് റാഡ്ക്ലിഫ് ഫെലോഷിപ്

തിരുവനന്തപുരം

ഉഭയജീവി ശാസ്ത്രജ്ഞനും ഡൽഹി യൂണിവേഴ്സിറ്റി പ്രൊഫസറുമായ മലയാളി പ്രൊഫ. സത്യഭാമ ദാസ് ബിജുവിന് ഹാർവാഡ് സർവകലാശാലയുടെ റാഡ്ക്ലിഫ് ഫെലോഷിപ്. ഈ ഫെലോഷിപ് ലഭിക്കുന്ന ആദ്യ മലയാളിയാണ് കൊല്ലം കടയ്ക്കൽ സ്വദേശിയായ ബിജു. നൂറിലേറെ പുതിയ തവളകളെ കണ്ടെത്തിയ ബിജു ലോകത്തെ അഞ്ച് ജന്തുശാസ്ത്രജ്ഞരിൽ ഒരാളാണ്.

സംസ്ഥാന സർക്കാരിന്റെ പ്രഥമ കേരളശ്രീ പുരസ്കാരം ഇദ്ദേഹത്തിനായിരുന്നു. ലോകമെമ്പാടുമുള്ള, അവരവരുടെ മേഖലകളിൽ അസാധാരണ നേട്ടം പ്രകടമാക്കിയ പ്രതിഭാശാലികൾക്ക് നൽകുന്നതാണ് ഫെലോഷിപ്. 'ഫ്രോഗ് മാൻ ഓഫ് ഇന്ത്യ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ബിജു ഹാർവാഡിൽ ഓർഗാനിസ്മിക് ആൻഡ് എവല്യൂഷണറി വകുപ്പിലെ അസോസിയറ്റുമാണ്.

ലോകശ്രദ്ധയാകർഷിച്ച ഉഭയജീവി ഗവേഷണമാണ് ഇന്ത്യയുൾപ്പെടെ ദക്ഷിണേഷ്യൻ മേഖലയിൽ ബിജു നടത്തുന്നതെന്നതെന്ന് റാഡ്ക്ലിഫ് ഇൻസ്റ്റിറ്റ്യൂട്ട് വാർത്താക്കുറിപ്പിൽ വ്യക്തമാക്കി. 2023–24 വർഷം ഹാർവാഡ് യൂണിവേഴ്സിറ്റിയിൽ ബിജുവിന് പൂർണസമയം പ്രവർത്തിക്കാൻ ഫെലോഷിപ് അവസരമൊരുക്കും. മാസം 18 ലക്ഷം രൂപയാണ് ഫെലോഷിപ്. ഭാര്യ: ഡോ. അനിത. മക്കൾ: അഞ്ജു പാർവതി (പെൻസിൽവാനിയ യൂണിവേഴ്സിറ്റി), കല്യാണി (ബിഡിഎസ് വിദ്യാർഥി, അമൃത യൂണിവേഴ്സിറ്റി, കൊച്ചി).

■ ഇന്ത്യയുടെ തവള മനുഷ്യൻ പറയുന്നു

വഴിത്തിരിവായത് യൂണിവേഴ്സിറ്റി കോളേജിലെ പഠനം

എം വി പ്രദീപ്

തിരുവനന്തപുരം

'അക്കാദമിക് ജീവിതത്തിലെ മുന്നേറ്റം മാത്രമല്ല, ജീവിതം തന്നെ രൂപപ്പെടുത്തുന്നതിൽ യൂണിവേഴ്സിറ്റി കോളേജിലെ പഠനകാലം ഏറെ നിർണായകമായിരുന്നു. അവിടെനിന്നു കിട്ടുന്ന അനുഭവങ്ങൾ ജീവിതകാലം മുഴുവൻ വിലപ്പെട്ടതാണ്'' – ലോകത്തിലെ ഗവേഷകരെല്ലാം കൊതിക്കുന്ന അത്യപൂർവ ബഹുമതിയായ ഹാർവാഡ് സർവകലാശാലയുടെ റാഡ്ക്ലിഫ് ഫെലോഷിപ് നേടിയ പ്രഥമ മലയാളി പ്രൊഫ. സത്യഭാമ ദാസ് ബിജു (എസ് ഡി ബിജു) വിന്റെ വാക്കുകളാണിത്.

ശാസ്ത്രലോകം നൂറ്റാണ്ടിന്റെ കണ്ടുപിടിത്തം എന്നു വിശേഷിപ്പിച്ച അപൂർവ ഇനത്തിൽപ്പെട്ട 'മാവേലി തവള'യെ കണ്ടെത്തിയ ജന്തു, സസ്യ ശാസ്ത്രജ്ഞനായ ബിജുവിന്റെ ബിരുദ പഠനം യൂണിവേഴ്സിറ്റി കോളേജിലായിരുന്നു, 1983–85ൽ ബോട്ടണി വിദ്യാർഥിയായി. എസ്എഫ്ഐയുടെ ഉശിരൻ പ്രവർത്തകൻ. ഇന്നത്തെ മന്ത്രിമാരടക്കം അന്ന് സഹപാഠികൾ.

"യൂണിവേഴ്സിറ്റി കോളേജ് ഒരു പഠനകേന്ദ്രം മാത്രമല്ല; അവിടെ പഠിച്ചാൽ ഭാവി രൂപപ്പെടുത്താൻ നമുക്കൊരു ധൈര്യം ലഭിക്കും. ഏത് പ്രതിസന്ധി നിറഞ്ഞ വഴികളിലൂടെയും ലക്ഷ്യത്തിലേക്ക് മുന്നേറാനാകും'– പ്രൊഫ. ബിജു ദേശാഭിമാനിയോട് പറഞ്ഞു.

എസ് ഡി ബിജു

കൊല്ലം കടയ്ക്കൽ ആറ്റുപുറം ഇടയ്ക്കരികത്ത് പുത്തൻവീട്ടിൽ പരേതരായ കെ എസ് ദാസിന്റെയും സത്യഭാമയുടെയും മകനായ ബിജു സർക്കാർ സ്കൂൾ–കോളേജുകളിലൂടെയാണ് മുന്നേറ്റത്തിന്റെ പടവുകൾ കയറിയത്.

നൂറിലേറെ പുതിയ തവളകളെ കണ്ടെത്തിയ ലോകത്തെ അഞ്ച് ജന്തുശാസ്ത്രജ്ഞരിൽ ഒരാളാണ്. ഉഭയജീവികളിലെ 96 പുതിയ ഇനങ്ങളും എട്ട് പുതിയ ജനുസുകളും രണ്ട് പുതിയ ഫാമിലികളും കണ്ടെത്തിയിട്ടുണ്ട്. 'ഇന്ത്യയുടെ തവള മനുഷ്യൻ' എന്ന വിളിപ്പേരുമുണ്ട് ഈ 60കാരന്.

2003ൽ പശ്ചിമഘട്ടത്തിൽ കണ്ടെത്തിയ പർപ്പിൾ തവള ഇനത്തിൽപ്പെട്ട നാസിക ബട്രാച്ചിഡേ, 2012ൽ കണ്ടെത്തിയ ചിക്കിലിഡേ ഇനങ്ങൾ 14 കോടി വർഷങ്ങൾ പഴക്കമുള്ള ഉഭയജീവി ഫാമിലികളിൽപ്പെടുന്നവയാണ്. ഇത് പരിണാമ സിദ്ധാന്തവുമായും ഭൗമോൽപ്പത്തിയുമായും ബന്ധപ്പെട്ട പരീക്ഷണങ്ങളിൽ നിർണായകമായി. ഇദ്ദേഹത്തെ ആദരിക്കാൻ ശാസ്ത്രജ്ഞർ ഒരു തവളയ്ക്ക് 'പോളിപെഡേറ്റസ് ബിജുയി' എന്ന് പേരുമിട്ടു. 'ഒളിച്ചു കഴിയുന്ന' നൂറോളം ഇന്ത്യൻ തവള ഇനങ്ങൾക്കായുള്ള തിരച്ചിലിലാണ് ഇപ്പോൾ ബിജു. കേരളത്തിന്റെ സ്വന്തം തവളയെന്ന് അറിയപ്പെടുന്ന മാവേലി തവളയെയാണ് (നാസികാ ബെടാക്കസ് സഹ്യാദ്രൻസിസ്) ഇടുക്കിയിൽനിന്ന് കണ്ടെത്തിയത്. 2004വരെ തിരുവനന്തപുരം ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ശാസ്ത്രജ്ഞനായിരുന്നു. സസ്യങ്ങൾ തേടി പശ്ചിമഘട്ടത്തിൽ നടത്തിയ നിരവധി അന്വേഷണങ്ങളും ഫോട്ടോഗ്രഫി കമ്പവുമാണ് തവളകളിൽ താൽപ്പര്യമുണ്ടാക്കിയത്. അഗസ്ത്യാർകൂടത്തിന്റെ വനാന്തരങ്ങളിൽ പാറപ്പുറത്ത് കിടന്നുറങ്ങിയും അരുവികളിലെ വെള്ളംകുടിച്ചും സഹനം ജീവിതലക്ഷ്യത്തിലേക്കുള്ള മാർഗമാക്കി മാസങ്ങളോളം കഴിഞ്ഞിട്ടുണ്ട്. വനമേഖലയിലെ കാണിക്കാർ നൽകിയ ഭക്ഷണവും സൗഹൃദവും ബിജുവിന് എന്നും വിലപ്പെട്ടതാണ്. കാണികുടുംബത്തിലെ ഒരു സുഹൃത്തിന്റെ മകളുടെ വിവാഹത്തിന് ജൂണിൽ വീണ്ടും ബിജു തിരുവനന്തപുരത്ത് എത്തും.

ബഹുസ്വരത തകർക്കാനുള്ള ശ്രമങ്ങൾക്കെതിരായ പുസ്തകം: മുഖ്യമന്ത്രി

സ്വന്തം ലേഖകൻ

തിരുവനന്തപുരം

നാടിന്റെ ബഹുസ്വരത തകർക്കാനുള്ള ശ്രമങ്ങൾക്കെതിരെ ഉറപ്പോടെ ഉയർത്തിക്കാട്ടാവുന്നതാണ് ശ്രീധരൻപിള്ളയുടെ കഥാസമാഹാരമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഗോവ ഗവർണർ പി എസ് ശ്രീധരൻപിള്ളയുടെ 194–ാമത് പുസ്തകം 'എന്റെ പ്രിയ കഥകൾ' പ്രകാശിപ്പിക്കുകയായിരുന്നു മുഖ്യമന്ത്രി.

മിസോറം, ഗോവ ഗവർണർ സ്ഥാനം ആലങ്കാരിക പദവിയായല്ല ശ്രീധരൻപിള്ള കണ്ടത്. അവിടുത്തെ സംസ്കാരത്തെ പഠിക്കാനും നമ്മളിലേക്ക് എത്തിക്കാനുമുള്ള മാർഗംകൂടിയാക്കി. തന്റെ കഥകൾക്കൊപ്പം ഈ സംസ്ഥാനങ്ങളിൽനിന്നുള്ള നാടോടി കഥകൾകൂടി അദ്ദേഹം ഉൾപ്പെടുത്തി.

ഏകഭാഷാ വാദത്തിലേക്കും സാംസ്കാരിക ഏകതാനതയിലേക്കും രാജ്യത്തെ ചുരുക്കാനുള്ള ശ്രമം ചിലകോണുകളിൽനിന്ന് ഉയരുന്നുണ്ട്. ഓരോ ഭാഷയും നിലനിന്നാൽ മാത്രമേ അവിടുത്തെ സംസ്കാരം നിലനിൽക്കുകയുള്ളൂ. അതിനാൽ, ബഹുസ്വരത തകർക്കാനുള്ള ശ്രമങ്ങൾക്കെതിരെ ഉറപ്പോടെ ഈ കഥാസമാഹാരം ഉയർത്തിക്കാട്ടാം.

ഗോവ ഗവർണർ പി എസ് ശ്രീധരൻപിള്ളയുടെ 194–ാമത് പുസ്തകം 'എന്റെ പ്രിയ കഥകൾ' മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശിപ്പിക്കുന്നു

ചരിത്രത്തെ ദുർവ്യാഖ്യാനിക്കാനുള്ള ശ്രമങ്ങളുള്ള ഇക്കാലത്ത് ഇത്തരത്തിൽ സൂക്ഷ്മ ചരിത്ര സമീപനങ്ങൾക്ക് പ്രാധാന്യമുണ്ട്. ഏകാധിപതികൾ ചരിത്രത്തിൽ അപ്രസക്തരാകും എന്ന ധ്വനിയോടെ അവസാനിക്കുന്ന മറ്റൊരു കഥയിലൂടെ, ചരിത്രത്തിന്റെ ഏതു പക്ഷത്താണ് താൻ നിലയുറപ്പിക്കുന്നത് എന്ന് ശ്രീധരൻപിള്ള വ്യക്തമാക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

കോൺഗ്രസ് നേതാവ് പി ജെ കുര്യൻ പുസ്തകം ഏറ്റുവാങ്ങി. ബിജെപി നേതാവ് ഒ രാജഗോപാൽ അധ്യക്ഷനായി.

കവി വി മധുസൂദനൻ നായർ, ആർ രാമചന്ദ്രൻ നായർ, സ്വാമി വിവിക്താനന്ദ സരസ്വതി, ഡോ.അബ്ദുൾ സലാം, ഡി സി രവി, എബ്രഹാം മാത്യു, ജെ ആർ പത്മകുമാർ എന്നിവർ സംസാരിച്ചു.

വന്ദേഭാരതിന് വീണ്ടും കല്ലേറ്

കണ്ണൂർ

വന്ദേഭാരത് എക്സ്പ്രസിനുനേരെ കണ്ണൂരിൽ കല്ലേറ്. ട്രെയിൻ ബോഗിക്ക് പുറത്ത് കല്ലുകൊണ്ട് പൊട്ടലുണ്ട്. തിങ്കളാഴ്ച കാസർകോട്ടുനിന്ന് പുറപ്പെട്ട ട്രെയിൻ പകൽ 3.30ന് കണ്ണൂരിലെത്തിയപ്പോഴാണ് വിൻഡോ ഗ്ലാസിനുതാഴെ ചെറിയ പൊട്ടൽ ഗാർഡിന്റെ ശ്രദ്ധയിൽപ്പെട്ടത്.

വളപട്ടണത്തിന് സമീപത്തുനിന്ന് കല്ലെറിഞ്ഞതാണെന്ന വളപട്ടണം സ്റ്റേഷനിലും പരിസരത്തും പരിശോധന നടത്തി.

■ മേലുദ്യോഗസ്ഥരുടെ പേരിൽ മാങ്ങ വാങ്ങി പണം നൽകിയില്ല

പൊലീസുകാരനെതിരെ അന്വേഷണം

മംഗലപുരം

മേലുദ്യോഗസ്ഥരുടെ പേരിൽ മാങ്ങ വാങ്ങി പണം നൽകാതെ മുങ്ങിയ പൊലീസുകാരനെതിരെ അന്വേഷണം. കഴക്കൂട്ടം അസിസ്റ്റന്റ് കമീഷണറുടെയും പോത്തൻകോട് ഇൻസ്പെക്ടറുടെയും പേരിൽ പോത്തൻകോട് കരൂർ ക്ഷേത്രത്തിന് സമീപം എംഎസ് സ്റ്റോഴ്സിൽനിന്ന് ഒരു മാസം മുമ്പാണ് 5 കിലോ പഴുത്ത മാങ്ങ വാങ്ങി തട്ടിപ്പ് നടത്തിയത്. എന്നാൽ പൊലീസ് ഉദ്യോഗസ്ഥരോട് കടക്കാരൻ വിവരം അന്വേഷിച്ചപ്പോഴാണ് തട്ടിപ്പ് പുറത്തായത്. തുടർന്ന് പോത്തൻകോട് ഇൻസ്പെക്ടർ സ്ഥലത്തെത്തി അന്വേഷണം നടത്തി. പരാതിയുടെ അടിസ്ഥാനത്തിൽ പൊലീസുകാരനെതിരെ അന്വേഷണം ആരംഭിച്ചു.

മാങ്ങ വാങ്ങിയ പൊലീസുകാരനെ തിരിച്ചറിഞ്ഞതായാണ് സൂചന. സംഭവത്തിൽ രഹസ്യാന്വേഷണ വിഭാഗവും അന്വേഷണം ആരംഭിച്ചു. കാഞ്ഞിരപ്പള്ളിയിൽ മാങ്ങ മോഷണത്തിന്റെ പേരിൽ ഒരു പൊലീസുകാരനെ അടുത്തിടെ സർവീസിൽനിന്നും പിരിച്ചുവിട്ടിരുന്നു.

രംഗചേതന: കുട്ടികളുടെ നാടകപ്പിറവി, അവധിയില്ലാതെ 39 വർഷം

സ്വന്തം ലേഖകൻ

തൃശൂർ

അവധിക്കാലത്ത് കുട്ടികൾ ഒത്തുചേരും. ഒരുമാസത്തോളം നീളുന്ന അരങ്ങൊരുക്കത്തിനൊടുവിൽ നാടകങ്ങൾ പിറക്കും. തൃശൂർ രംഗചേതന ഒരുക്കുന്ന കുട്ടികളുടെ നാടക ശില്പശാലയ്ക്ക് 39 വർഷമായി മുടക്കമില്ല. ഫീസ് വാങ്ങാതെയാണ് പരിശീലനം. കുട്ടികൾക്ക് മാനസികവും ശാരീരികവുമായ ഉണർവ് പകർന്ന്, നാടകത്തിലൂടെ കളിമുറ്റങ്ങൾ ഒരുക്കിക്കൊടുക്കാനുള്ള ശ്രമത്തിലാണ് രംഗചേതന പ്രവർത്തകർ.

ഏഴുവയസ്സുകാരായ അയ്‌ലീൻ മാക്സൺ, ഇ എസ് ഐശ്വര്യ ഉൾപ്പെടെ 60 കുട്ടികൾ അഭിനയക്കളരിയിലുണ്ട്. കണ്ണൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം, എറണാകുളം, തൃശൂർ ജില്ലകളിലെ കുട്ടികൾ ബന്ധുവീടുകളിലും സുഹൃത്തുക്കളുടെ വീടുകളിലും താമസിച്ചാണ് പങ്കെടുക്കുന്നത്. ഇത്തവണ മൂന്നു നാടകങ്ങൾ ശിൽപ്പശാലയിൽ പിറക്കും. കുട്ടികളുടെ ചിരിയും കരച്ചിലും രോഗമാക്കുന്ന സമൂഹത്തെ തുറന്നുകാട്ടുന്ന 'പൊക്കാരം', കോവിഡ് അതിജീവനകാലത്തെ ഓർമപ്പെടുത്തുന്ന 'ഗെയിം ഓൺ കോവിഡ് 19', പല